**File No.SJD/1457/2020-D3**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :18/01/2021
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ ഓഫീസർമാർക്കും
എല്ലാ സ്ഥാപന സൂപ്രണ്ടുമാർക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - സംസ്ഥാന വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന :- സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി 12.01.2021 ൽ വിർച്വലായി നടത്തിയ മീറ്റിങ്ങിലെ തീരുമാനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ജനുവരി 25 ദേശീയ വോട്ടേഴ്സ് ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ പ്രായപൂർത്തിയായ എല്ലാ താമസക്കാരേയും അവരുടെ സമ്മതത്തോടെ 22.01.2021 മുമ്പ് വോട്ടേഴ്സ് ലിസ്റ്റിറ്റിൽ പേര് ചേർക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന യോഗത്തിൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ സ്ഥാപന സൂപ്രണ്ടുമാരും അവരുടെ സ്ഥാപനത്തിൽ താമസിക്കുന്ന പ്രായപൂർത്തിയായ എല്ലാ താമസക്കാരേയും അവരുടെ സമ്മതത്തോടെ 22.01.2021 മുമ്പ് വോട്ടേഴ്സ് ലിസ്റ്റിറ്റിൽ പേര് ചേർക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . കൂടാതെ സ്ഥാപനത്തിൽ എത്ര താമസക്കാർക്ക് ഇലക്ഷൻ ഐ .ഡി ഉണ്ടെന്നും എത്ര താമസക്കാരുടെ പേര് വിവരം വോട്ടേഴ്സ് ലിസ്റ്റിറ്റിൽ ചേർത്തിട്ടുണ്ടെന്നും 22.01.2021 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് ഈ കാര്യാലയത്തിൽ e mail മുഖേന ലഭ്യമാക്കേണ്ടതുമാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർമാർ അതത് ജില്ലയിലെ സ്ഥാപനങ്ങളിലെ പ്രായപൂർത്തിയായ എല്ലാ താമസക്കാരേയും സ്ഥാപന സൂപ്രണ്ടുമാർ വോട്ടേഴ്സ് ലിസ്റ്റിറ്റിൽ പേര് ചേർത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**